# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1930 17.03.201-ൽ മറുപടിയ്ക്ക്

## എടപ്പാൾ -കോലോളമ്പ് നിക്ഷേപത്തട്ടിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.മമ്മൂട്ടി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) എടപ്പാൾ - കോലോളമ്പ് നിക്ഷേപത്തട്ടിപ്പ് സംബന്ധിച്ച അന്വേഷണം നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) എടപ്പാൾ കോലളമ്പ് നിക്ഷേപതട്ടിപ്പ് സംബന്ധിച്ച അന്വേഷണം പുരോഗമിച്ച വരുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രാലയം മുഖേന വിദേശത്തു നിന്നും തെളിവ് ശേഖരിക്കേണ്ടതിനാലാണ് അന്വേഷണം നീണ്ട പോകുന്നത്. |
| (ബി) ക്രൈം നമ്പർ 554/10 മുതൽ 590/10 വരെ CBCID (EOW) KKD (Now MPM Cr. branch DYSP) ആയിട്ടുള്ള കേസിന്റെ അന്വേഷണ പുരോഗതി അറിയിക്കുമോ; | (ബി) ക്രൈം നമ്പർ 554/സി.ആർ/10 മുതൽ 562/ സി.ആർ/10 വരെയും, 573/സി.ആർ/10 മുതൽ 576/സി.ആർ/10 വരെയുമുള്ള കേസുകൾ ഈ യൂണിറ്റിൽ അന്വേഷണം നടത്തി വരുന്നുണ്ട്. ഈ കേസിൽ ഉൾപ്പെട്ട എല്ലാ പ്രതികളേയും അറസ്റ്റു ചെയ്തിട്ടുള്ളതും, പ്രതികൾ കോടതിയിൽ നിന്ന് ജാമ്യം നേടിയിട്ടുള്ളതുമാണ്. പരാതിക്കാരിൽ നിന്ന് കരസ്ഥമാക്കിയ നിക്ഷേപം ഉപയോഗിച്ച് പ്രതികൾ കൈവശപ്പെടുത്തിയ വസ്തു വകകളെക്കുറിച്ച് വിവരം ലഭിച്ചിട്ടുള്ളതും 6-ാം പ്രതിയുടെ ജേഷ്ഠന്റെ ബാങ്ക് അക്കൗണ്ടിൽ നിന്ന് 56 ലക്ഷം രൂപയും, ഒന്നാം പ്രതിയുടെ ബാങ്ക് ലോക്കറിൽ നിന്ന് 150 പവന്റെ സ്വർണ്ണാഭരണങ്ങളും ബന്തവസ്സിലെടുത്തും കോടതി മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. പ്രതികളുടെ സ്വത്ത് വിവരങ്ങളെക്കുറിച്ച് ഇപ്പോൾ അന്വേഷണം നടന്നു വരികയാണ്. |
| (സി) ഈ അന്വേഷണം എപ്പോൾ പൂർത്തിയാക്കാൻ കഴിയും ; | (സി) കേന്ദ്ര ആഭ്യന്തര മന്ത്രാലയം വഴി ഇന്റർപോളിന്റെ സഹായത്തോടെ വിദേശ എംബസി മുഖാന്തിരം വിദേശത്തു വച്ചുനടന്ന സംഭവത്തിന്റെ തെളിവുകൾ കിട്ടുന്ന മുറയ്ക്ക് അന്വേഷണം പൂർത്തിയാക്കുന്നതാണ്. |
| (ഡി) ആയിരക്കണക്കിന് സാധാരണക്കാരായ നിക്ഷേപകരുടെ എല്ലാ സമ്പാദ്യവും നഷ്ടപ്പെട്ട ഈ കേസ് സംബന്ധിച്ചുള്ള അന്വേഷണം അകാരണമായി നീണ്ടുപോകുന്നത് അവസാനിപ്പിച്ച് അന്വേഷണം ദ്രുതഗതിയിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) അന്വേഷണം ദ്രുതഗതിയിൽ നടത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ